ജന്മഭൂമി

04 May 2018

## പിഴല മാതൃകയിൽ കൂടു മത്സ്യകൃഷി

# സിഎംഎഫ്ആർഐയുടെ പിന്തുണ തേടി മഹാരാഷ്ട്ര

**കൊച്ചി:** കൂടുമത്സ്യ കൃഷിയിൽ സിഎംഎഫ്ആർഐയുടെ സാങ്കേതിക സഹായം തേടി മഹാരാഷ്ട്ര. സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ പിഴലയിലും സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലും ചെയ്തു വരുന്ന കൂടുമത്സ്യ കൃഷി വിജയമാതൃകകൾ മഹാരാഷ്ട്രയിലും നടപ്പിലാക്കുന്നതിനാണ് മഹാരാഷ്ട്രയിലെ ധനകാര്യ-ആസൂത്രണ സഹമന്ത്രി ദീപക് കേസാർക്കർ സിഎംഎഫ്ആർഐയുടെ പിന്തുണ തേടിയത്.



**മഹാരാഷ്ട്ര ചെറുകിട വ്യവസായ കോർപ്പറേഷൻ ജോയിന്റ് ഡയറക്ടർ ലീന ബൻസോഡ് പിഴലയിലെ കൂടുമത്സ്യ കൃഷി യൂണിറ്റുകൾ സന്ദർശിക്കുന്നു**

സിഎംഎഫ്ആർഐയിൽ വിവിധ വകുപ്പ് മേധാവികളുമായി നടന്ന ചർച്ചയിലാണ് മഹാരാഷ്ട്ര മന്ത്രി സഹായം ആവശ്യപ്പെട്ടത്. മഹാരാഷ്ട്രയിലെ സിന്ധുദുർഗ് ജില്ലയിൽ 500 കൂടുകൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് മഹാരാഷ്ട്ര സർക്കാർ സിഎംഎഫ്ആർഐക്ക് സാമ്പത്തിക സഹായം നൽകുമെന്ന് അദ്ദേഹം പറഞ്ഞു. ചർച്ചയിൽ ധാരണയായതനുസരിച്ച് സിഎംഎഫ്ആർഐയിലെ മാരികൾച്ചർ വിഭാഗത്തിലെ ഒരു സംഘം മഹാരാഷ്ട്രയിലെ സിന്ധുദുർഗ് ജില്ലയിൽ സന്ദർശനം നടത്തി ജലാശയങ്ങളുടെ പാരിസ്ഥിതിക ഘടകങ്ങൾ വിലയിരുത്തും. കൃഷി ആരംഭിക്കുന്നതിന് മുമ്പായി യോജിച്ച സ്ഥലങ്ങൾ ഏതൊക്കെയെന്ന് പഠനവിധേയമാക്കും. സന്ദർശനത്തിന് ശേഷം വിശദമായ പ്രവർത്തന പദ്ധതി സിഎംഎഫ്ആർഐ മഹാരാഷ്ട്രാ സർക്കാറിന് സമർപ്പിക്കും.

മഹാരാഷ്ട്ര അഡീഷണൽ പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്റർ എൻ. വാസുദേവനും മന്ത്രി കേർസാർക്കറിനെ അനുഗമിച്ചു.